18.05.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 25-03-05

# മാസ്റ്റർ ജ്ഞാനസൂര്യനായി അനുഭൂതിയുടെ കിരണങ്ങൾ വ്യാപിപ്പിക്കൂ, വിധാതാവാകൂ,തപസ്വി ആകൂ.

ഇന്ന് ബാപ്ദാദ തന്റെ ഹോളി ഹംസങ്ങളായ കുട്ടികളോടൊപ്പം ഹോളി ആഘോഷിക്കുന്നതിനായി വന്നിരിക്കുകയാണ്. കുട്ടികൾ സ്നേഹത്തിന്റെ ചരടിൽ ബന്ധിതരായി ഹോളി ആഘോഷിക്കുവാൻ എത്തിയതാണ്. മിലനം ആഘോഷിക്കുന്നതിനായി വളരെ സ്നേഹത്തോടെ എത്തി. ബാപ്ദാദ എല്ലാ കുട്ടികളുടെയും ഭാഗ്യം കാണുന്നുണ്ട് ഭാഗ്യം എത്ര വലുതാണ്, എത്ര ഹോളിയസ്റ് ആണോ അത്രമാത്രം ഹൈയസ്റ് ( ഉയർന്നത് ) ആണ്. മുഴുവൻ കല്പത്തിലും നിങ്ങളുടെ ഭാഗ്യത്തെക്കാൾ ഉയർന്ന ഭാഗ്യം മറ്റാർക്കും ഇല്ല. തന്റെ ഭാഗ്യത്തെ അറിയുന്നുണ്ടോ? വർത്തമാന സമയത്ത് പരമാത്മ പാലന, പരമാത്മ പഠനവും പരമാത്മ വരദാനങ്ങളാലും പാലിക്കപ്പെടുന്നു. ഭാവിയിലും വിശ്വരാജ്യ അധികാരി ആകുന്നു. ആകണം, നിശ്ചിതമാണ്, നിശ്ചയം ഉണ്ട്. പിന്നീട് പൂജ്യരാകുമ്പോഴും ശ്രേഷ്ഠ ആത്മാക്കളായ നിങ്ങളുടെ പോലെ വിധി പൂർവ്വമുള്ള പൂജ വേറെ ആർക്കും തന്നെയില്ല. വർത്തമാനത്തിലും ഭാവിയിലും പൂജ്യ സ്വരൂപത്തിൽ ഏറ്റവും ഉയർന്നവരാണ്.താങ്കളുടെ ജഡ ചിത്രങ്ങൾക്കും ഓരോ കർമ്മത്തിന്റെയും പൂജ ഉണ്ട്. അനേക ധർമ്മ പിതാക്കന്മാരും, മഹാത്മാക്കളും ഉണ്ട് എങ്കിലും വിധി പൂർവ്വമായ പൂജ ഏറ്റവും ഉയർന്ന പരമാത്മ സന്താനങ്ങളായ നിങ്ങളുടേതാണ് എന്തെന്നാൽ ഈ സമയത്ത് കർമ്മത്തിൽ വരുമ്പോൾ കർമ്മയോഗിയായി കർമ്മം ചെയ്യുന്നതിന്റെ വിധിയുടെ ഫലമായി പൂജയും വിധി പൂർവ്വമാണ് നടക്കുന്നത്. ഈ സംഗമ സമയത്തെ പുരുഷാർഥത്തിനു പ്രാപ്തി കിട്ടുന്നതാണ്. ഉയർന്നതിൽ ഉയർന്ന ഭഗവാൻ കുട്ടികളായ നിങ്ങൾക്ക് ഏറ്റവും ഉയർന്ന ഭാഗ്യം ഉണ്ടാക്കി തരുന്നു. ഹോളി എന്നാൽ പവിത്രത, ഹോളിയസ്റ് ആണ് ഒപ്പം ഹൈയസ്റ് (ഉയർന്നത്) ആണ്. ഈ ബ്രാഹ്മണ ജീവിതത്തിന്റെ അടിസ്ഥാനം പവിത്രത ആണ്.സങ്കല്പത്തിൽ പോലും അപവിത്രത വന്നാൽ ശ്രേഷ്ഠമാ കാൻ കഴിയില്ല. പവിത്രത സുഖത്തിന്റെയും ശാന്തിയുടെയും മാതാവാണ്.പവിത്രത സർവ്വ പ്രാപ്തികളുടെയും താക്കോൽ ആണ്, നിങ്ങളുടെ സ്ളോഗൻ ആണ് പവിത്രമാകൂ, യോഗിയാകൂ. ഹോളിയും ഓർമ്മചിഹ്നമാണ്, അതിലാണെങ്കിലും നോക്കൂ ആദ്യം കത്തിക്കുന്നു, പിന്നീട് ആഘോഷിക്കുന്നു. കത്തിക്കാതെ ആഘോഷിക്കില്ല. അപവിത്രത കത്തിക്കണം, യോഗ അഗ്നിയിൽ കൂടിയാണ് അപവിത്രത കത്തിക്കുന്നത്, അതിന്റെ ഓർമ്മചിഹ്നമായി അവർ തീയിൽ കത്തിക്കുന്നു, കത്തിച്ചതിനു ശേഷം പവിത്രമാകുമ്പോൾ സന്തോഷം ആഘോഷിക്കുന്നു. പവിത്രമാകുന്നതിന്റെ ഓർമ്മചിഹ്നമായി മിലനം ആഘോഷിക്കുന്നു, നിങ്ങൾ എല്ലാവരും അപവിത്രത കത്തിക്കുമ്പോൾ പരമാത്മ കൂട്ട്കെട്ടിന്റെ നിറത്തിൽ ചുവക്കുന്നു, അപ്പോൾ സർവ്വ ആത്മാക്കളെ പ്രതിയും ശുഭ ഭാവനയുടെയും ശുഭ കാമനയുടെയും മിലനം ആഘോഷിക്കുന്നു. ഇതിന്റെ ഓർമ്മ ചിഹ്നമായി മംഗള മിലനം നടത്തുന്നു. അതിനാൽ ബാപ്ദാദ സർവ്വ കുട്ടികളെയും ഓർമ്മിപ്പിക്കുകയാണ് സദാ ഓരോരുത്തരിൽ നിന്നും ആശീർവ്വാദങ്ങൾ എടുക്കൂ ആശീർവ്വാദം കൊടുക്കൂ. ആശീർവ്വാദങ്ങളുടെ ശുഭ ഭവാനയിലൂടെ മംഗള മിലനം നടത്തൂ, ഒരാൾ ശാപം തന്നാൽ അവർ അപവിത്രതയാൽ പരവശപെട്ടിരിക്കുകയാണ്,നിങ്ങൾ ശാപത്തെ മനസ്സിൽ നിറച്ചാൽ സന്തോഷമായി ഇരിക്കുമോ? സുഖം ഉണ്ടാകുമോ?അതോ വ്യർത്ഥ സങ്കല്പങ്ങൾ കാരണം, എന്ത്, എങ്ങനെ,ആരാണ്....ഈ ദു:ഖം ആണോ അനുഭവമാകുന്നത്? ശാപം എടുക്കുമ്പോൾ സ്വയം ദു:ഖത്തിന്റെയും അശാന്തിയുടെയും അനുഭവം ചെയ്യും. ബാപ്ദാദയുടെ ശ്രീമതാണ് സുഖം കൊടുക്കൂ സുഖം എടുക്കൂ, ആ ശ്രീമത് ലംഘിക്കപ്പെടും. ഇപ്പോൾ എല്ലാ കുട്ടികളും സുഖം കൊടുക്കാനും എടുക്കാനും പഠിച്ചില്ലേ! പഠിച്ചോ? പ്രതിജ്ഞയും ദൃഡതതയും, ദൃഡതയോടെ പ്രതിജ്ഞ ചെയ്യൂ സുഖം കൊടുക്കുകയും എടുക്കുകയും ചെയ്യണം. ആശിർവ്വാദം കൊടുക്കുകയും എടുക്കുകയും വേണം. പ്രതിജ്ഞ ചെയ്യുമോ? ധൈര്യം ഉണ്ടോ? ധൈര്യം ഉള്ളവർ ഇന്നുമുതൽ ദൃഢസങ്കല്പം എടുക്കും ആശിർവാദം എടുക്കും ആശീർവ്വാദം കൊടുക്കും, അവർ കൈ ഉയർത്തൂ. ഉറപ്പിക്കാമോ?ഉറപ്പാണോ? ഉറപ്പില്ലാത്തവരാകരുത്. ഉറപ്പില്ലായെങ്കിൽ,പാകമാകാത്ത പഴങ്ങളാണ് കൂടുതലും പക്ഷികൾ കൊത്തിതിന്നുന്നത് . ദൃഡതയാണ് സഫലതയുടെ താക്കോൽ. താക്കോൽ എല്ലാവരുടെയടുത്തും ഉണ്ടോ?ഉണ്ടോ താക്കോൽ ?താക്കോൽ സുരക്ഷിതമാണോ, മായാ മോഷ്ടിക്കില്ലല്ലോ? മായയ്ക്കും താക്കോൽ ഇഷ്ടമാണ്.സദാ ഈ സങ്കല്പം ഇമെർജ്ജ് ആക്കി വയ്ക്കണം. മെർജ്ജ് ആവരുത് ഇമെർജ് ആയിരിക്കണം. ഇമെർജ്ജ് ചെയ്യൂ എനിക്ക് ചെയ്യണം. ആകണം. സംഭവിക്കണം, സംഭവിച്ചതാണ്. ഇതിനെയാണ് നിശ്ചയ ബുദ്ധി വിജയി എന്ന് പറയുന്നത്. വിജയത്തിന്റെ ഡ്രാമ ഉണ്ടാക്കി കഴിഞ്ഞതാണ്. വീണ്ടും ആവർത്തിച്ചാൽ മാത്രം മതി. മുൻകൂട്ടി ഉണ്ടാക്കിയിട്ടുള്ള നാടകമാണ്. ഉണ്ടാക്കി കഴിഞ്ഞതാണ്, വീണ്ടും ചെയ്താൽ മതി.പ്രയത്നം ഉണ്ടോ? ഇടയ്ക്കിടയ്ക്ക് പരിശ്രമം വേണ്ടിവരുന്നുണ്ടോ? എന്ത് കൊണ്ടാണ് പരിശ്രമം തോന്നുന്നത്? നിങ്ങൾ തന്നെയാണ് സഹജമായത് പരിശ്രമം ഉള്ളതാകുന്നത്. ചെറിയ തെറ്റ് ചെയ്യുന്നു ഏത് തെറ്റ്

ആണെന്ന് അറിയാമോ?ആ സമയത്ത് ബാപ്ദാദയ്ക്ക് കുട്ടികളോട് കൂടുതൽ ദയ എന്ന് പറയില്ല, സ്നേഹമാണ് തോന്നുന്നത്. സ്നേഹം തോന്നാൻ കാരണമെന്ത്? പറയുന്നുണ്ട് ബാബ ഞങ്ങളുടെ കൂടെ കമ്പയിന്റ് ആണ്. കൂടെ ഉണ്ട് എന്നല്ല കമ്പയിന്റ് ആണ്.കമ്പയിന്റ് ആണോ?ഡബിൾ വിദേശികൾ കമ്പയിന്റ് ആണോ? പുറകിലിരിക്കുന്നവർ കമ്പയിന്റ് ആണോ? ഗാലറിയിൽ ഇരിക്കുന്നവർ കമ്പയിന്റ് ആണോ?

ശരി ഇന്ന് ബാപ്ദാദയ്ക്ക് വാർത്ത ലഭിച്ചു പാണ്ഡവ ഭവൻ, ജ്ഞാന സരോവരം, ഇവിടെ ഉള്ളവർ എല്ലാം വേറെ ഹാളുകളിൽ ഇരുന്നാണ് കേൾക്കുന്നത്. അവരോടും ബാപ്ദാദ ചോദിക്കുകയാണ് ബാപ്ദാദ കമ്പയിന്റ് ആണോ? കൈകൾ ഉയർത്തുന്നുണ്ട്. സർവ്വ ശക്തിവാനായ ബാബ കൂടെയുള്ളപ്പോൾ എന്തിനാണ് ഒറ്റയ്ക്ക് ആകുന്നത്? നിങ്ങൾ ദുർബലനായാലും ബാപ് ദാദ സർവ്വ ശക്തിവാൻ അല്ലെ! ഒറ്റയ്ക്ക് ഇരിക്കുമ്പോൾ ആണ് ദുർബലർ ആകുന്നത്.കമ്പയിന്റ് രൂപത്തിലിയ്ക്കൂ. ശിവബാബ പരംധാമിൽ നിന്ന് വന്നതെന്തിന്? എന്തിനാണ് വന്നത്? കുട്ടികളുടെ സഹായോഗി ആകാനാണ് വന്നത്. ബ്രഹ്മബാബയും വ്യക്തത്തിൽ നിന്ന് അവ്യക്തമായത് എന്തിന്? സാകാരരൂപത്തിനേക്കാൾ അവ്യക്ത രൂപത്തിൽ കൂടുതൽ സഹയോഗം നൽകാൻ കഴിയും. ബാപ്ദാദ സഹായോഗത്തിനായി ഓഫർ തരുമ്പോൾ ഒറ്റയ്ക്കാകുന്നത് എന്തിന്? പരിശ്രമിക്കുന്നത് എന്തിനാണ്? 63 ജന്മങ്ങൾ പരിശ്രമം ചെയ്തതല്ലേ! ആ പരിശ്രമത്തിന്റെ സംസ്ക്കാരം ഇപ്പോഴും വരുന്നുണ്ടോ? സ്നേഹത്തിലിരിക്കൂ, ലവ് ലീനമായിരിക്കൂ. സ്നേഹം പരിശ്രമത്തിൽ നിന്ന് മുക്തമാക്കുന്നു. പരിശ്രമം ആണോ ഇഷ്ടം? ശീലത്തിന് അടിമയാകാന്നതാണോ? സഹജ യോഗിയാണ്, കുട്ടികൾക്കായി ബാപ്ദാദ പ്രത്യേകമായി പരംധാമിൽ നിന്ന് സമ്മാനം കൊണ്ട് വന്നിരിക്കുകയാണ്, ഏതാണ് സമ്മാനം എന്നറിയാമോ? കൈ വെള്ളയിൽ സ്വർഗ്ഗം കൊണ്ട് വന്നിരിക്കുന്നു. ചിത്രവും ഉണ്ടല്ലോ. കുട്ടികൾക്ക് രാജ്യ ഭാഗ്യമാണ് കൊണ്ട് വന്നിരിക്കുന്നത്, അതിനാൽ ബാപ്ദാദയ്ക്ക് പരിശ്രമിക്കുന്നത് ഇഷ്ടമല്ല.ഓരോ കുട്ടിയും പരിശ്രമത്തിൽ നിന്ന് മുക്തരായി സ്നേഹത്തിൽ മഗ്നമായിരിക്കുന്നത് കാണാനാണ് ബാപ്ദാദയ്ക്ക് ആഗ്രഹം. ഇന്ന് പരിശ്രമത്തിൽ നിന്ന് മായയുടെ യുദ്ധത്തിൽ നിന്നും മുക്തമാകുന്നതിന്റെ ഹോളി സങ്കല്പത്തിൽ കത്തിയ്ക്കാമോ? കത്തിയ്ക്കുമോ? കത്തിയ്ക്കുമ്പോൾ പേരും അടയാളം പോലും ഇല്ലാതാകും. കത്തിക്കുമ്പോൾ ഏത് വസ്തുവായാലും അതിന്റെ പേരോ അടയാളമോ പോലും ഇല്ലാതാകും! അങ്ങനെ ഹോളി ആഘോഷിച്ചുവോ? കൈ ഉയർത്തുന്നല്ലോ. കൈ ഉയർത്തുന്നത് കണ്ട് ബാപ്ദാദ സന്തോഷിക്കുന്നു. എങ്കിലും....എങ്കിലും എന്താണ്?ബാബ പറയണമോ അതോ വേണ്ടേ? മനസ്സിന്റെ കൈയ്യാണ് ഉയർത്തേണ്ടത് . ഈ കൈ ഉയർത്താൻ വളരെ എളുപ്പമാണ്. മനസ്സ് ചെയ്യണം എന്ന് ഉറപ്പിച്ചാൽ സംഭവിച്ചു കഴിഞ്ഞു. ധാരാളം പുതിയവരും വന്നിട്ടുണ്ട്. ആരാണോ ആദ്യമായി മിലനത്തിന് വന്നിട്ടുള്ളത് അവർ കൈയ്യ് ഉയർത്തൂ. ഡബിൾ വിദേശികളും വന്നിട്ടുണ്ട്. ആരെല്ലാമാണോ ഇന്ന് ആദ്യമായി വന്നവർ, ബാപ്ദാദ അവർക്ക് സ്വന്തം ഭാഗ്യം ഉണ്ടാക്കിയതിന് പ്രത്യേകമായി ആശംസകൾ തരുന്നു, ഈ ആശംസ ഓർമ്മയിൽ വയ്ക്കണം. എല്ലാവർക്കും ഒടുവിൽ നിന്നാലും വേഗത്തിൽ മുന്നിൽ വരാനുള്ള അവസരം ഇപ്പോഴും ഉണ്ട്. കാരണം ഫൈനൽ റിസൾട്ട് വന്നിട്ടില്ല. അവസാനം വരുന്നവർക്കും, ആദ്യം വന്നവരേക്കാൾ ഇപ്പോൾ വന്നിട്ടുള്ളവർ അവസാനമല്ലേ, അങ്ങനെ അവസാനമുള്ളവർക്കും അവസാനത്തിൽ നിന്ന് വേഗത്തിൽ പോകാം വേഗം പോയി ഫസ്റ്റ് ആകാൻ കഴിയും. അവസരം ഉണ്ട്.ഒന്നാമതാകാം. അതിനാൽ സദാ ഈ ലക്ഷ്യം വയ്ക്കണം ആത്മാവാകുന്ന എനിക്ക് വേഗതയിലൂടെ ഒന്നാമതാകണം. ശരി. ധാരാളം വി.ഐ.പി. കൾ വന്നിട്ടുണ്ട്, ടൈറ്റിൽ വി.ഐ.പി യുടേതാണ്. വന്നിരിക്കുന്ന വി.ഐ.പി കൾ കൈ ഉയർത്തൂ.(ഭാരതത്തിലെ അതിഥികൾ ഏകദേശം 150 പേർ ബാപ്ദാദയുടെ മുന്നിൽ ഇരിക്കുന്നുണ്ട്). സ്വാഗതം. സ്വന്തം വീട്ടിലേക്ക് വന്നതിന് സ്വാഗതം. ആദരവോടെ സ്വാഗതം.പരിചയപ്പെടുത്താൻ ഇപ്പോൾ വി.ഐ.പി എന്ന് പറയുന്നു പക്ഷെ ഇനി വി.ഐ.പി യിൽ നിന്ന് വി.വി.ഐ.പി ആകണം. നോക്കൂ താങ്കളുടെ ജഡ ചിത്രങ്ങളായ ദേവതമാർ വി.വി.ഐ.പി കൾ ആണ്.നിങ്ങളും പൂർവ്വജരെ പോലെ ആകണം. ബാപ്ദാദ കുട്ടികളെ കണ്ട് സന്തോഷിക്കുന്നു. സമ്പർക്കത്തിൽ വന്നു. വന്നിട്ടുള്ള വി.ഐ.പി. കൾ എഴുന്നേൽക്കൂ. ഇരുന്നു ക്ഷീണിച്ചുപോയികാണും, എഴുന്നേറ്റു നിൽക്കൂ . ശരി.

വർത്തമാന സമയത്ത് ബാപ്ദാദ വിശേഷമായി രണ്ട് കാര്യങ്ങളിലേക്ക് ആവർത്തിച്ചു ശ്രദ്ധ കൊണ്ട് വരുന്നു ഒന്നാണ് സ്റ്റോപ്പ്, ബിന്ദു ഇടൂ, പോയിന്റ് ഇടൂ. രണ്ടാമത്തേത് സമ്പാദ്യം ശേഖരിക്കണം. രണ്ടും ആവശ്യമാണ്.മൂന്നു ഖജനാവുകൾ വിശേഷമായി ശേഖരിക്കൂ ഒന്ന് തന്റെ പുരുഷാർത്ഥതത്തിന്റെ പ്രാപ്തി അതായത് പ്രത്യക്ഷ ഫലം, ശേഖരിക്കൂ. രണ്ടാമത്തേത് സദാ സന്തുഷ്ടമായിരിക്കണം, സന്തുഷ്ടമാക്കണം . ഇരിക്കുക മാത്രമല്ല മറ്റുള്ളവരെ സന്തുഷ്ടമാക്കണം. അതിന്റെ ഫലമായി ആശീർവ്വാദങ്ങൾ ശേഖരിക്കൂ . ഇടയ്ക്കൊക്കെ പല കുട്ടികളും ആശീർവ്വാദങ്ങളുടെ സമ്പാദ്യം ശേഖരിക്കുന്നു, എന്നാൽ മുന്നോട്ടു പോകവേ ചെറിയ കാര്യങ്ങളിൽ സംശയത്തിൽ വന്ന് ഭീരുക്കളായി ശേഖരിച്ചിട്ടുള്ള സമ്പാദ്യം നഷ്ടപ്പെടുത്തുന്നു.അതിനാൽ ആശീർവ്വാദത്തിന്റെ ഖജനാവും ശേഖരിക്കൂ.അതിന്റെ വിധിയാണ് സന്തുഷ്ടമായിരി

ക്കുക മറ്റുള്ളവരെ സന്തുഷ്ടമാക്കുക. മൂന്നാമത് സേവനത്തിൽ കൂടി സേവനത്തിന്റെ ഫലം ശേഖരിക്കുക , ഖജനാവ് ശേഖരിക്കണം. സേവനത്തിൽ വിശേഷമായി നിമിത്തഭാവം, നിർമ്മാന ഭാവം, നിർമല വാണി . പരിധിയില്ലാത്ത സേവനം. എന്റേത് അല്ല, ബാബ. ബാബ ചെയ്യിപ്പിക്കുന്നവനായി ചെയ്യുന്ന എന്നിൽ കൂടി ചെയ്യിപ്പിക്കുകയാണ്, ഇത് പരിധിയില്ലാത്ത സേവനമാണ്. ഈ മൂന്ന് അകൗണ്ടുകളും പരിശോധിക്കൂ മൂന്നും അകൗണ്ടുകളും നിറയുന്നുണ്ടോ? എന്റേത്ഇല്ലാതാകണം. ഇച്ഛയ് മാത്രം അവിദ്യ.ഈ വർഷം എന്ത് ചെയ്യണം? സീസൺ തീരുകയാണ്, ഇനി 6 മാസം എന്ത് ചെയ്യണം. ഒന്ന് സമ്പാദ്യം ശേഖരിക്കണം, നന്നായി പരിശോധിക്കണം. ഒരു കോണിൽ പോലും എവിടെയും പരിധിയുള്ള ആഗ്രഹം ഇല്ലല്ലോ? ഞാൻ എന്റേത്എന്ന ഭാവം ഇല്ലലോ? ലേവത (വാങ്ങുന്നവർ) അല്ലാലോ?വിധാതാവാകൂ, ലേവത ആകരുത്. പേര്, ബഹുമാനം, സ്ഥാനം, ഇതൊന്നും എടുക്കുന്നവരല്ല, ദാതാവാകൂ,വിധാതാവാകൂ.

ഇപ്പോൾ ദു:ഖം വളരെയധികം കൂടിക്കൊണ്ടിരിക്കുകയാണ്. ഇനിയും കൂടും, അതിനാൽ മാസ്റ്റർ സൂര്യനായി അനുഭൂതിയുടെ കിരണങ്ങൾ വ്യാപിപ്പിക്കൂ.സൂര്യൻ ഏതുപോലെ ഒരേ സമയത്ത് പല പ്രാപ്തികൾ തരുന്നു, ഒരു പ്രാപ്തി അല്ല തരുന്നത്. വെളിച്ചം മാത്രമല്ല ശക്തിയും തരുന്നു. അനേക പ്രാപ്തികളാണ് തരുന്നത്.അതുപോലെ നിങ്ങൾ എല്ലാവരും ഈ ആറു മാസം ജ്ഞാന സൂര്യനായി സുഖം,ശാന്തി,സന്തോഷം, സഹയോഗത്തിന്റെ കിരണങ്ങൾ വ്യാപിപ്പിക്കൂ. അനുഭൂതി ചെയ്യിപ്പിക്കൂ. താങ്കളുടെ മുഖം കാണുമ്പോൾ ദുഖത്തിന്റെ അലകൾ മാറി പുഞ്ചിരി വരണം. താങ്കളുടെ ദൃഷ്ടിയിലൂടെ ധൈര്യം കിട്ടണം. ഈ അറ്റെൻഷൻ വേണം. വിധാതാവാകണം. തപസ്വീ ആകണം. അങ്ങനെയുള്ള തപസ്യ ചെയ്യണം തപസ്യയുടെ ജ്വാല ഏതെങ്കിലും അനുഭൂതി ചെയ്യിപ്പിക്കണം.വാക്കുകൾ കേൾക്കുക മാത്രമല്ല അനുഭൂതിയും ഉണ്ടാക്കണം.അനുഭൂതി അനശ്വരമാണ്. വാക്കുകൾ കുറച്ച് സമയം നല്ലതായി തോന്നും, സദാ ഓർമ്മയിൽ ഇരിക്കില്ല, അത്കൊണ്ട് അനുഭവത്തിന്റെ അതോറിറ്റി ആയി അനുഭവം ചെയ്യിപ്പിക്കൂ.ആരെല്ലാം സംബന്ധ സമ്പർക്കത്തിൽ വരുന്നുണ്ടോ അവർക്ക് ധൈര്യം, ഉന്മേഷവും ഉത്സാഹവും, തന്റെ സഹയോഗത്തിലൂടെയും ബാപ്ദാദയുടെ കണക്ഷനിലൂടെയും കൊടുക്കൂ. കൂടുതൽ പരിശ്രമം ചെയ്യിപ്പിക്കരുത്. സ്വയം പരിശ്രമിക്കരുത് മറ്റുള്ളവരെ കൊണ്ട് പരിശ്രമിപ്പിക്കരുത്. നിമിത്തം അല്ലെ! അത്രയും ഉന്മേഷത്തിന്റെ ഉത്സാഹത്തിന്റെ വൈബ്രേഷൻ ഉണ്ടാക്കൂ ഗൗരവമുള്ളവരും ഉത്സാഹിതരാകണം. സന്തോഷത്തിൽ മനസ്സ് നൃത്തം ചെയ്യണം. എന്ത് ചെയ്യണം എന്ന് കേട്ടുവോ? റിസൾട്ട് നോക്കും. ഏത് സ്ഥലത്ത് എത്രപേരെ ദൃഢമാക്കി.സ്വയം ദൃഢമായി എത്രആത്മാക്കളെ ദൃഢമാക്കി? തെറ്റ് ചെയ്തില്ലലോ, കള്ളം പറഞ്ഞില്ലാലോ,വികർമ്മങ്ങൾ ഒന്നും ചെയ്തില്ലല്ലോ ഇങ്ങനെ സാധാരണയുള്ള കണക്കുകൾ നോക്കുന്നില്ല പകരം എത്ര ആത്മാക്കളെ ഉന്മേഷവും ഉത്സാഹവും ഉള്ളവരാക്കി, അനുഭവം ചെയ്യിപ്പിച്ചു, ദൃഢതയുടെ താക്കോൽ കൊടുത്തുവോ? ശരിയല്ലേ, തീർച്ചയായും ചെയ്യണം. ബാപ്ദാദയും ചെയ്യണം എന്ന് പറയില്ല! ചെയ്തേ മതിയാകൂ. താങ്കൾ ചെയ്തില്ലെങ്കിൽ ആരാണ് ചെയ്യുക? പിന്നീട് വരുന്നവർ ചെയ്യുമോ? നിങ്ങളാണ് കല്പ കല്പങ്ങളിൽ ബാപ്ദാദായിൽ കൂടി അധികാരികൾ ആയവർ, ആയിട്ടുള്ളത്, ഓരോ കല്പത്തിലും ആകും. അത്രയും ദൃഢതയുള്ള കുട്ടികളെ ബാപ്ദാദയ്ക്ക് കാണണം. ശരി അല്ലെ! കൈ ഉയർത്തൂ,ആകണം,മനസ്സിന്റെ കൈ ഉയർത്തണം. ദൃഢനിശ്ചയത്തിന്റെ കൈ ഉയർത്തൂ. ഇതെല്ലാം പാസ് ആയവർ ആണ്. ശരി.

നാനാഭാഗത്തെയും ഹൃദയ സിംഹാസനസ്ഥരായ കുട്ടികൾക്ക്, ദൂരെ ഇരുന്നും പരമാത്മ സ്നേഹത്തിന്റെ അനുഭവം ചെയ്യുന്ന കുട്ടികൾക്ക്, സദാ ഹോളി അതായത് പവിത്രതയുടെ ഫൌണ്ടേഷൻ ഉറപ്പിക്കുന്ന കുട്ടികൾക്ക്, സ്വപ്നത്തിൽ പോലും അപവിത്രയുടെ അംശത്തിൽ നിന്ന് ദൂരെയിരിക്കുന്ന മഹാവീരന്മാരായ കുട്ടികൾക്ക്, സദാ എല്ലായ്പ്പോഴും സമ്പാദ്യം ശേഖരിക്കുന്ന സമ്പന്നരായ കുട്ടികൾക്ക്, സദാ സന്തുഷ്ടമണിയായി സന്തുഷ്ടരായിരിക്കുകയും സന്തുഷ്ടരാക്കുകയും ചെയ്യുന്ന ബാപ്സമാനരായ കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണകളും നമസ്തേയും.

ദാദിമാരോട് : ദാദിമാർ ഗുരുഭായിമാരാണ്, അതിനാൽ കൂടെ ഇരിക്കണം. സഹോദരങ്ങൾ ഒപ്പം ഇരിക്കും. ശരിയാണ്.ബാപ്ദാദ ദിവസേന സ്നേഹത്തിന്റെ മസ്സാജ് തരുന്നു. നിമിത്തമായവർ ആണല്ലോ. ഈ മസ്സാജ് മുന്നോട്ട് കൊണ്ടുപോകും. നല്ലതാണ് നിങ്ങൾ എല്ലാവരുടെയും ഉദാഹരണം കാണുമ്പോൾ എല്ലാവർക്കും ധൈര്യം കിട്ടുന്നു.നിമിത്തമായ ദാദിമാരെ പോലെ സേവനത്തിൽ നിമിത്തഭാവത്തോടെ മുന്നോട്ടു പോകണം. ശരി. ചെയ്യുന്നയാൾ ചെയ്യിപ്പിക്കുന്നു, നിങ്ങളുടെ ഈ ദൃഢ നിശ്ചയം മുന്നോട്ടു നടത്തുന്നു . ഈ നിമിത്തഭാവം സേവനം ചെയ്യിപ്പിക്കും. ഞാൻ എന്നത് ഉണ്ടോ? ഞാൻ എന്ന ഭാവം കുറച്ചെങ്കിലും വരുമോ?ശരി. മുഴുവൻ വിശ്വത്തിനു മുന്നിൽ നിമിത്തമായ ഉദാഹരണമാണ്.ബാപ്ദാദയും സദാ പ്രത്യേകിച്ച് സ്നേഹവും ആശിർവാദവും തന്നു കൊണ്ടിരിക്കുന്നു. ധാരാളം പേര് വന്നിട്ടുണ്ട്! അവസാനത്തെ

ടേൺ വേഗത്തിൽ തീർന്നു. ഓം ശാന്തി.

## വരദാനം : നോളഡ്ജ്ഫുൾ സ്ഥിതിയിലൂടെ പരിതസ്ഥിതികളെ അതിജീവിക്കുന്ന അംഗദന് സമം അചഞ്ചലരും ദൃഢതയുള്ളവരും ആയി ഭവിക്കട്ടെ.

രാവണരാജ്യത്തിന്റെ വ്യക്തികളോ സാഹചര്യങ്ങളോ സങ്കല്പത്തിൽ പോലും ചലനം ഉണ്ടാക്കരുത്. അങ്ങനെ അചഞ്ചലവും ദൃഢവും ആകുന്നതിന്റെ വരദാനിയാകൂ.വിഘ്നങ്ങൾ വരുന്നത് വീഴ്ത്താൻ അല്ല ശക്തരാക്കുവാൻ ആണ്.നോളഡ്ജ്ഫുൾ ആയവർ ഒരിക്കലും പേപ്പർ കണ്ട് സംശയിക്കില്ല. മായ ഏത് രൂപത്തിൽ വേണമെങ്കിലും വരാം  നിങ്ങൾ യോഗ അഗ്നി ജ്വലിപ്പിച്ചു വയ്ക്കൂ, നോളഡ്ജ്ഫുൾ സ്ഥിതിയിൽ ഇരിക്കുകയാണെങ്കിൽ വിഘ്നങ്ങൾ സ്വതവേ സമാപ്തമാകും, നിങ്ങൾ അചഞ്ചലവും ദൃഢവുമായ സ്ഥിതിയിൽ സ്ഥിതി ചെയ്യും.

## സ്ലോഗൻ: ശുദ്ധ സങ്കല്പങ്ങളുടെ ഖജനാവ് ശേഖരിച്ചാൽ വ്യർത്ഥ സങ്കല്പങ്ങളിൽ സമയം നഷ്ടമാകില്ല.

**അവ്യക്ത സൂചന ആത്മീയ റോയൽറ്റിയും പവിത്രതയുടെ പേഴ്സണാലിറ്റിയും ധാരണ ചെയ്യൂ.**
ബ്രഹ്മാബാബ പവിത്രതയുടെ പേഴ്സണാലിറ്റിയുടെ ആധാരത്തിലാണ് ആദിദേവൻ ആദ്യത്തെ രാജകുമാരൻ ആകുന്നത്. അതുപോലെ നിങ്ങളും ഫോളോ ഫാദർ ചെയ്ത് ഒന്നാം നമ്പർ പേഴ്സണാലിറ്റിയുടെ ലിസ്റ്റിൽ വരൂ കാരണം ബ്രാഹ്മണ ജന്മത്തിന്റെ സംസ്ക്കാരം പവിത്രതയാണ്. താങ്കളുടെ ശ്രേഷ്ഠതയും മഹാനതയും പവിത്രതയാണ്.